| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനൊന്നാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7066 | 11.07.2014-ൽ മറുപടിക്ക് |
| **വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിലെ നോൺ വൊക്കേഷണൽ അധ്യാപകർ** | |
| ചോദ്യം | ഉത്തരം |
| ശ്രീ. റ്റി.വി.രാജേഷ് | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഹയർ സെക്കന്ററി അധ്യാപകരുടെയും വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിലെ നോൺ വൊക്കേഷണൽ അധ്യാപകരുടെയും പ്രൊമോഷൻ/ ജോലി സമയം ഇവയിൽ വിവേചനം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | 5 വർഷം സർവ്വീസ് കാലാവധി പൂർത്തിയായ നോൺ വൊക്കേഷണൽ ജൂനിയർ അധ്യാപകരെ സീനിയർ അധ്യാപകരായി സ്ഥാനക്കയറ്റം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | എയ്ഡഡ് മേഖലയിൽ നോൺ വൊക്കേഷണൽ ജൂനിയർ ടീച്ചർ തസ്തിക നിലവിലുണ്ടോ; എയ്ഡഡ് മേഖലയിലെ നോൺ വൊക്കേഷണൽ ടീച്ചർ തസ്തിക കണക്കാക്കുന്നതിനുള്ള പ്രവൃത്തി സമയം, മറ്റ് മാനദണ്ഡങ്ങൾ എന്നിവ എന്തൊക്കെയാണ്; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിലെ സ്പെഷ്യൽ റൂൾസ് പ്രകാരമാണ് അധ്യാപകരുടെ പ്രവർത്തി സമയം കണക്കാക്കുന്നത്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ആഴ്ചയിൽ 6 മണിക്കൂർ മുതൽ 15 മണിക്കൂറിൽ താഴെ വരെ പഠിപ്പിക്കുന്ന അധ്യാപകരെ നോൺ വൊക്കേഷണൽ ടീച്ചർ |

| | | | |
|---|---|---|---|
| | | | (ജൂനിയർ) തസ്തികയിലും 15 മണിക്കൂറോ, അതിൽ കൂടുതലോ പഠിപ്പിക്കുന്ന അദ്ധ്യാപകരെ നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിലുമാണ് പരിഗണിക്കുന്നത്. |

സെക്ഷൻ ഓഫീസർ